പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1489** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2016-21, 2021-26 സർക്കാറുകളുടെ കാലത്ത് ബജറ്റുകളിലോ ഔദ്യോഗിക പ്രഖ്യാപനങ്ങളിലോ പുതിയ എഞ്ചിനീയറിംഗ് കോളേജോ അതുപോലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ കുറിച്ചി എന്ന സ്ഥാപനത്തിനായി കോട്ടയം താലൂക്കിൽ ചങ്ങനാശ്ശേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ൽ സർവ്വേ നമ്പർ 283/1, 283/1-1 ഉൾപ്പെട്ട 0.9860 ഹെക്ടർ സ്ഥലം കെട്ടിടത്തോടൊപ്പം ഏറ്റെടുക്കുന്നതിന് 10/01/2025 ലെ സ.ഉ.(സാധാ) നം. 59/2025/HEDN പ്രകാരം 6,58,58,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലമേറ്റെടുപ്പ് പൊതുമരാമത്ത് വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും മേൽനോട്ടത്തിൽ നടക്കുന്നു. ഭൂമിയുടെ എസ്റ്റിമേറ്റ് തുകയുടെ 5% ആയ ₹29,49,701/- കണ്ടിജൻസി ഫണ്ടായി സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) കോട്ടയത്തിന് കൈമാറിയിട്ടുണ്ട്.

ഇതനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതിന് കോട്ടയം എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർക്ക് അനുമതി നൽകി കോട്ടയം ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലമേറ്റെടുപ്പ് പൂർത്തിയാകുന്നതിന് കോട്ടയം ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും ഭൂമിയുടെ അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് (BVR), വിശദമായ മൂല്യനിർണ്ണയ റിപ്പോർട്ട് (DVS) എന്നിവ ലഭ്യമാകേണ്ടതുണ്ട്.

**(ബി)** ഉണ്ടെങ്കിൽ അതിന്റെ പ്രാഥമിക നടപടികൾ, സ്ഥലം ഏറ്റെടുക്കൽ നടപടികൾ എവിടെവരെ എത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി എന്തുകൊണ്ട് ഇതുവരെ യാഥാർത്ഥ്യമായില്ലെന്നുമുള്ളതിന്റെ കാരണവും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ കുറിച്ചി എന്ന സ്ഥാപനത്തിനായി കോട്ടയം താലൂക്കിൽ ചങ്ങനാശ്ശേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ൽ സർവ്വേ നമ്പർ 283/1, 283/1-1 ഉൾപ്പെട്ട 0.9860 ഹെക്ടർ സ്ഥലം കെട്ടിടത്തോടൊപ്പം ഏറ്റെടുക്കുന്നതിന് 10/01/2025 ലെ സ.ഉ.(സാധാ) നം. 59/2025/HEDN പ്രകാരം 6,58,58,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലമേറ്റെടുപ്പ് പൊതുമരാമത്ത് വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും മേൽനോട്ടത്തിൽ നടക്കുന്നു. ഭൂമിയുടെ എസ്റ്റിമേറ്റ് തുകയുടെ 5% ആയ ₹29,49,701/- കണ്ടിജൻസി ഫണ്ടായി സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) കോട്ടയത്തിന് കൈമാറിയിട്ടുണ്ട്.

ഇതനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതിന് കോട്ടയം എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർക്ക് അനുമതി നൽകി കോട്ടയം ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലമേറ്റെടുപ്പ് പൂർത്തിയാകുന്നതിന് കോട്ടയം ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും ഭൂമിയുടെ അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് (BVR), വിശദമായ മൂല്യനിർണ്ണയ റിപ്പോർട്ട് (DVS) എന്നിവ ലഭ്യമാകേണ്ടതുണ്ട്.

**(സി)** പ്രസ്തുത മണ്ഡലത്തിലെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കുകയും എന്നാൽ ഫണ്ട് ലഭ്യമല്ലാതെയോ അലംഭാവം മൂലമോ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അത്തരത്തിൽ മുടങ്ങിയ പദ്ധതികൾ ഒന്നും ഇല്ല.

**(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരിയിലെ ഉന്നത വിദ്യാഭ്യാസമേഖലയുടെ സമഗ്രവികസനത്തിനായി പുതിയ പദ്ധതികൾ എന്തൊക്കെയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പുതിയ പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ല.

**(ഇ)** നടപ്പുവർഷം മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെയും പദ്ധതികളുടെയും പൂർണ്ണ വിവരങ്ങൾ കണക്കുകൾ സഹിതം വിശദാംശം നൽകാമോ?

**<u>മറുപടി:</u>** പുതിയ പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**